## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ . 3405 — 23.06.2014-ൽ മറുപടിക്ക്

### ട്രോളിംഗ് നിരോധനം ശക്തിപ്പെടുത്താൻ നടപടികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.പി.തിലോത്തമൻ | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | ട്രോളിംഗ് നിരോധനം നടപ്പിലാക്കുമ്പോൾ തൊട്ടടുത്ത് കടൽതീരമുള്ള അയൽ സംസ്ഥാനങ്ങളിലും ഇതേ കാലയളവിൽ ഇപ്രകാരം ട്രോളിംഗ് നിരോധനം നടപ്പിലാക്കുന്നുണ്ടോ എന്നും അത് കൃത്യമായി പാലിക്കപ്പെടുന്നുണ്ടോ എന്നും പരിശോധിക്കാറുണ്ടോ; ഉണ്ടെങ്കിൽ അത് ഏത് ഏജൻസിയാണ് പരിശോധിക്കുന്നത് എന്ന് പറയാമോ ; | (എ) | ട്രോളിംഗ് നിരോധനം അയൽ സംസ്ഥാനങ്ങളിൽ വ്യത്യസ്ത സമയങ്ങളിലാണ് നടപ്പിലാക്കുന്നത്. കേരളത്തിൽ ട്രോളിംഗ് നിരോധനം ഏർപ്പെടുത്തി വിജ്ഞാപനം പുറപ്പെവിക്കുമ്പോൾ ഈ വിവരം അന്യ സംസ്ഥാനങ്ങളെ അറിയിക്കുകയും അന്യസംസ്ഥാന ബോട്ടുകൾ കേരള അതിർത്തിയിൽ പ്രവേശിക്കാതെ തുടർ നടപടി സ്വീകരിക്കാൻ അയൽ സംസ്ഥാനങ്ങളോട് ആവശ്യപ്പെടുകയും ചെയ്യുന്നുണ്ട്. |
| (ബി) | ട്രോളിംഗ് നിരോധിച്ച കാലയളവിൽ ആധുനിക സംവിധാനമുള്ള ഫിഷിംഗ് ഷിപ്പുകളും ബോട്ടുകളും പുറംകടലിൽ നങ്കൂരമിട്ട് ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ച് തീരമേഖലകളിലേതടക്കമുള്ള മീനുകളെ ആകർഷിച്ച് മത്സ്യ ബന്ധനം നടത്തുന്നുണ്ടോ എന്നു പരിശോധിക്കാൻ എന്തു നടപടികളാണുള്ളത് എന്ന് വ്യക്തമാക്കുമോ ? | (ബി) | ഫിഷറീസ് വകുപ്പും മറൈൻ എൻഫോഴ്സ്മെന്റ് വിംഗും കോസ്റ്റ്ഗാർഡും ആവശ്യമായ പെട്രോളിംഗ് നടത്തി ഇത്തരത്തിൽ മത്സ്യബന്ധനം നടത്തുന്ന ബോട്ടുകളെ കണ്ടുകെട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ